# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1692

11-02-2013 ൽ മറുപടിയ്ക്ക്

## റൈസ് ബയോപാർക്കും നാളീകേര ബയോപാർക്കും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കുട്ടനാട്ടിലും പാലക്കാട്ടും റൈസ് ബയോപാർക്കുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (എ) സംസ്ഥാനത്ത് കുട്ടനാട്ടിലും പാലക്കാട്ടും റൈസ് ബയോപാർക്കുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ ; | (ബി) പ്രസ്തുത പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. നെല്ലിന്റെ വൈവിധ്യമാർന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുക.<br>2. നെല്ലിന്റെ ഭക്ഷ്യയോഗ്യവും അല്ലാത്തതുമായ ഉല്പന്നങ്ങളെ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുക.<br>3. മെച്ചപ്പെട്ട വില സ്ഥിരത<br>4. സ്ഥിരമായ കമ്പോള താല്പര്യം നിലനിർത്തൽ.<br>5. കയറ്റുമതി രംഗത്തെ സാധ്യതകളും പുരോഗതിയും<br>6. ജി.ഡി.പി ക്ക് നെല്ലുല്പാദന ത്തിൽ നിന്നുള്ള മൊത്തമായ സംഭാവന. |

| | | | |
|---|---|---|---|
| (സി) | റൈസ് ബയോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള എന്തെല്ലാം പ്രവർത്തന ങ്ങളാണ് ഇതുവരെ നടപ്പാക്കിയിട്ടുള്ളത് ; ഇതിനായി ഇതുവരെ എത്ര തുക ചെലവായി എന്നും വ്യക്തമാക്കുമോ ; | (സി) | റൈസ് ബയോപാർക്ക് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുകയും സ്ഥലം തിരഞ്ഞെടുക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. 10 കോടി രൂപയുള്ള പദ്ധതിയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതിയുടെ പ്രാരംഭ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. |
| (ഡി) | സംസ്ഥാനത്ത് നാളികേര ബയോപാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; | (ഡി) | നാളീകേര ഉല്പന്ന വൈവിധ്യ വൽക്കരണവും മൂല്യവർദ്ധനവും ലക്ഷ്യമാക്കികൊണ്ട് സംസ്ഥാനത്ത് മൂന്ന് കോക്കനട്ട് ബയോപാർക്കുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നാളീകേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളായ ഡസ്സിക്കേറ്റഡ് കോക്കനട്ട്, കോക്കനട്ട് മിൽക്ക് ക്രീം, കോക്കനട്ട് ചിപ്സ്, സ്പ്രേ ഡ്രൈഡ് മിൽക്ക് പൗഡർ, വെർജിൻ വെളിച്ചെണ്ണ, പാക്ക് ചെയ്ത ഇളനീർ, നാളീകേര വിനാഗിരി, ചിരട്ടപ്പൊടി, ഷെൽ ചാർക്കോൾ, ആക്റ്റിവേറ്റഡ് കാർബൺ തുടങ്ങിയവയുടെ ഉല്പാദനത്തിനുള്ള പ്രവർത്തനങ്ങൾ കോക്കനട്ട് ബയോപാർക്കിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ട്. |
| (ഇ) | നാളികേര ബയോപാർക്കു കൾ സ്ഥാപിക്കുന്നതിനായി എത്ര കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തി യിട്ടുള്ളത് ; ഇതുവരെ എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ ? | (ഇ) | നാളീകേര ബയോപാർക്ക് സ്ഥാപിക്കുന്ന ഇനത്തിൽ 2012-13 ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തുക ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ